"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) - ഗ്രാന്റ് ഇൻ എയ്ഡ് - 2020-21 സാമ്പത്തിക വർഷത്തിലെ വാർഷിക പദ്ധതികൾ - രണ്ടാം ഗഡുവായി 164.02 ലക്ഷം രൂപ റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.ബി.) വകുപ്പ്

സ.ഉ.(സാധാ) നം.481/2021/ത.സ്വ.ഭ.വ് തീയതി, തിരുവനന്തപുരം, 17/02/2021

---

പരാമർശം:- 1 30.04.2020-ൽ ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം.

2 03.07.2020-ലെ സ.ഉ. (സാധാ) നം.1330/2020/തസ്വഭവ ഉത്തരവ്

3 12.10.2020-ലെ സ.ഉ. (സാധാ) നം.1880/2020/തസ്വഭവ ഉത്തരവ്

4 കില ഡയറക്ടർ ജനറലിന്റെ 22.01.2021-ലെ 2019/101/5351/HQ/Asst.F2 നമ്പർ കത്ത്.

**ഉത്തരവ്**

കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന്റെ വിവിധ വാർഷിക പദ്ധതികൾക്കായി 2020-21 സാമ്പത്തിക വർഷം 2515-00-003-99 എന്ന ശീർഷകത്തിൽ 544 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് പരാമർശം (3) പ്രകാരം ഒന്നാം ഗഡുവായി പ്രസ്തുത തുകയുടെ 25% ആയ 136 ലക്ഷം രൂപ റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവായിരുന്നു. 2020-21 സാമ്പത്തിക വർഷത്തിൽ 31.03.2021-നകം പദ്ധതി നിർവ്വഹണത്തിനായി ആകെ പ്രതീക്ഷിക്കുന്ന ചെലവായ 300.02 ലക്ഷം രൂപയിൽ ഒന്നാം ഗഡുവായി കിലയ്ക്ക് ലഭിച്ച 136 ലക്ഷം രൂപ കിഴിച്ച് ബാക്കി തുകയായ 164.02 ലക്ഷം രൂപ രണ്ടാം ഗഡുവായി അനുവദിക്കണമെന്ന് പരാമർശം (4) പ്രകാരം കില ഡയറക്ടർ ജനറൽ അഭ്യർത്ഥിച്ചിരുന്നു.

( 2 ) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന്റെ വിവിധ വാർഷിക പദ്ധതികൾക്കായി 2020-21 സാമ്പത്തിക വർഷം ഭരണാനുമതി നൽകിയ 544 ലക്ഷം രൂപയിൽ 31.03.2021-നകം പദ്ധതി നിർവ്വഹണത്തിനായി ആകെ പ്രതീക്ഷിക്കുന്ന ചെലവായ 300.02 ലക്ഷം രൂപയിൽ കിലയ്ക്ക് അനുവദിച്ച 136 ലക്ഷം രൂപ കിഴിച്ച് ബാക്കിതുകയായ 164.02 ലക്ഷം രൂപ 2515-00-003-99-39 (P) എന്ന ശീർഷകത്തിൽ രണ്ടാം ഗഡുവായി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**യു വി ജോസ് ഐ എ എസ്**

**സ്പെഷ്യൽ സെക്രട്ടറി**

ഡയറക്ടർ ജനറൽ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തിരുവനന്തപുരം.

File No.LSGD-IB2/126/2020-LSGD

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ.&ആർ.എസ്.എ.ജി.&എസ്.എസ്.എ.), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് ( DEV-2/139/2020-FIN(1552057) dt 11/02/2021 പ്രകാരം)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ